സംവിധാനം ഇനിയും ഉണ്ടാക്കിയിട്ടില്ല. ഫെൻസിംഗും ട്രെഞ്ചും ഉൾപ്പെടെയുള്ള പ്രതിരോധ സംവിധാനങ്ങളുണ്ടാക്കി ആ പ്രശ്നം ശാശ്വതമായി പരിഹരിക്കാനാവശ്യമായ സഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലായെങ്കിൽ ആ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പ്രയാസമായിരിക്കും. അതുകൊണ്ട് അടിയന്തിരമായി ആനശല്യം ശാശ്വതമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, ദേലംപാടി പഞ്ചായത്തിലെ റിസർവ് വനത്തോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ കാട്ടാനകളുടെ ശല്യംമൂലം കൃഷിനാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ടക്കോൽ റിസർവിനോട് ചേർന്ന് കിടക്കുന്നതും സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമായ കൃഷി സ്ഥലങ്ങൾ വന്യജീവികളുടെ ആക്രമണ ഭീഷണിയുള്ളതാണ്. വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലങ്ങളിൽ ക്യാമ്പ് ചെയ്ത് താൽക്കാലിക പരിഹാരമെന്ന നിലയിൽ കാട്ടാനകളെ പടക്കംപൊട്ടിച്ചും മറ്റും വനമേഖലകളിലേക്ക് തിരിച്ച് കടത്തി വിടാറുണ്ട്. വനാതിർത്തിയിൽ ഏകദേശം പത്ത് കിലോമീറ്റർ വൈദ്യുത കമ്പിവേലികൾ നിർമ്മിക്കുക എന്നുള്ളതാണ് ഇതിനുള്ള ശാശ്വത പരിഹാരം. ഇതിലേയ്ക്കായി ഉദ്ദേശം ആറുലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അതിൽ നാല് ലക്ഷം രൂപ പ്രസ്തുത ജോലികൾക്കായി കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. വിളനാശം സംഭവിച്ച കർഷകർക്ക് നിലവിലുള്ള വ്യവസ്ഥ പ്രകാരം നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നുണ്ട്. 2003-2004 സാമ്പത്തിക വർഷം ഈ പ്രദേശത്ത് ഇപ്രകാരമുള്ള ആറ് കർഷകർക്ക് നഷ്ടപരിഹാരമായി 12,847 രൂപ അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇവിടെനിന്നും ലഭിച്ചിട്ടുള്ള പതിമൂന്ന് അപേക്ഷകളിന്മേൽ 31,205 രൂപയുടെ നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(2) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള വിത്ത് നിയമം പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.പി. മുഹമ്മദ്: സർ, ഇൻഡ്യൻ പാർലമെന്റിന്റെ പരിഗണനയിലുള്ള വിത്ത് നിയമം നമ്മുടെ കാർഷിക രംഗത്ത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോവുകയാണ്. ഒരു സബ്മിഷൻ ആയതുകൊണ്ട് ഞാൻ ദീർഘമായി വിവരിക്കുന്നില്ല. ഇത് ഗ്രാമീണ സമ്പദ്വ്യവസ്ഥയെ തന്നെ നശിപ്പിക്കുമെന്നും നാണ്യവിളകളുടെ നാശം ഉണ്ടാക്കുമെന്നും ഭയപ്പെടണം. സമ്പന്നമായ ജൈവവൈവിദ്ധ്യത്തെ ഇത് തകരാറിലാക്കും. വിത്ത് ഉൽപ്പാദിപ്പിക്കുന്നതും സംഭരിക്കുന്നതും കൈമാറ്റം ചെയ്യുന്നതും തടയുന്ന വകുപ്പ് ഈ ബില്ലിലുണ്ട് എന്നാണ് പറയുന്നത്. സ്വന്തം സ്ഥലത്ത് എന്ത് കൃഷി ചെയ്യണമെന്നുള്ള കൃഷിക്കാരന്റെ മൗലികാവകാശത്തിനു നേരെയുള്ള ഒരു കയ്യേറ്റമാണ് ഈ നിയമം. അത്യുൽപ്പാദനശേഷിയുള്ള വിത്ത് കൃഷിക്കാർക്ക് നൽകുന്നത് മനസ്സിലാക്കാം. എന്നാൽ നിശ്ചിത സ്ഥലത്ത് നിശ്ചിത വിളയേ ഇറക്കാവൂ എന്ന് ശഠിക്കുന്നത് മനുഷ്യാവകാശ ലംഘനമായി കരുതണം. ജനിതക കവർച്ചയ്ക്ക് പോലും ഒരു പക്ഷെ ഈ നിയമം കാരണമാകും. ഇൻഡ്യയിൽ രണ്ടുലക്ഷം വിത്തുകളുണ്ട്. അതിൽ 90 ശതമാനവും ഇല്ലാതാകും. നമ്മുടെ വിത്ത് പാരമ്പര്യത്തിൽ നിന്ന് വന്നതാണ് ഏതെങ്കിലും ഒരു വ്യക്തിയുടെ സ്വന്തമായുള്ളതല്ല. അതുകൊണ്ട് കൃഷിക്കാരൻ വിത്ത് രജിസ്റ്റർ ചെയ്യണമെന്ന നിയമം തന്നെ ബാലിശമാണ്. അതുകൊണ്ട് ഇക്കാര്യം പുനഃപരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, സീഡ് ബിൽ, 2004 ഇപ്പോൾ കേന്ദ്ര സർക്കാർ രാജ്യസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. പാർലമെന്റിന്റെ ഇരു സഭകളിലും ചർച്ച ചെയ്തതിനുശേഷമേ അതിന് അന്തിമ രൂപം ആകുകയുള്ളൂ. ഈ ബില്ലിലെ സെക്ഷൻ 43 (1) പ്രകാരം കൃഷിക്കാർക്ക് തന്റെ വിത്തുകൾ സൂക്ഷിക്കാനും ഉപയോഗിക്കാനും കൈമാറ്റം ചെയ്യാനും വിൽക്കാനും ചില ഉപാധികളോടുകൂടി സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നുള്ളതാണ്. ഇത് കൃഷിക്കാരന്റെ താൽപ്പര്യങ്ങൾക്ക് എതിരാണെന്ന് പ്രഥമദൃഷ്ട്യാ തോന്നുന്നില്ല. എങ്കിലും ഇതിനെപ്പറ്റി വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഇത് വിശദമായി പരിശോധിച്ച് സംസ്ഥാന കർഷകരെ ദോഷകരമായി ബാധിക്കുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ അക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത് കൃഷിക്കാരുടെ ഇടയിൽ ഒരു ആശങ്ക ഉണ്ടാക്കിയിട്ടുണ്ട്. അത് വിശദമായി പഠിച്ചശേഷം അതിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ ഗവൺമെന്റ് തലത്തിൽ തന്നെ കേന്ദ്ര ഗവൺമെന്റിൽ ടേക്കപ്പ് ചെയ്യുന്നതായിരിക്കും.

(3) വടകരയിൽ കളരി അക്കാഡമി

ശ്രീ. സി. കെ. നാണു: സർ, വടകരയിൽ കളരി അക്കാഡമി സർക്കാർ ഏർപ്പെടുത്താൻ പോകുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ വടകര മുനിസിപ്പാലിറ്റി ഇതു സംബന്ധിച്ച് ആലോചിച്ചു. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള തീരുമാനങ്ങളുണ്ടാക്കി. കേരളത്തിലെ കളരിയുടെ ആസ്ഥാനമായ കടത്തനാട്ടിൽ കളരിയുടെ ചരിത്രത്തെ സംബന്ധിച്ചും അതിന്റെ ഇന്നത്തെ സ്ഥിതിയെ സംബന്ധിച്ചും വിപുലമായ ഒരു ലേഖനപരമ്പരയും വടകരയിൽ ഒരു സെമിനാറും മലയാള മനോരമ സംഘടിപ്പിച്ചു. ആ സെമിനാറിൽ പങ്കെടുത്തുകൊണ്ട് മുൻ സ്പോർട്സ് വകുപ്പു മന്ത്രി ശ്രീ. കെ. സുധാകരൻ വളരെ വേഗം തന്നെ വടകരയിൽ കളരി അക്കാഡമി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു. വടകരയിലെ പഴയ കളരി ഗുരുക്കന്മാരും ഇപ്പോഴുള്ള കളരി ഗുരുക്കന്മാരും ചേർന്നുകൊണ്ട് കളരിക്ക് വേണ്ടി അവരുടേതായ ഒരു സംഘടന ഉണ്ടാക്കിയിരിക്കുകയാണ്. മലയാള മനോരമ ഏതാനും ദിവസങ്ങൾക്കകം വീണ്ടും ഒരു സെമിനാർ നടത്തുകയാണ്. കളരി അക്കാഡമിക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങളെല്ലാം ചെയ്തുതരാൻ സന്നദ്ധമാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഉറപ്പു തരുന്നു. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി വടകരയിൽ കളരി അക്കാഡമി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, പാരമ്പര്യ ആയോധന കലയായ കളരി പ്രോൽസാഹിപ്പിക്കുന്നതിന് 2004-05-ലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വടകരയിൽ കളരി അക്കാഡമി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുവരെ അതിനുള്ള സ്ഥലം തരാൻ മുനിസിപ്പാലിറ്റി മുന്നോട്ട് വന്നിട്ടില്ല. മുനിസിപ്പാലിറ്റി സ്ഥലം തരാൻ തയ്യാറാണെങ്കിൽ അടിയന്തിരമായി ഇത് ആരംഭിക്കാൻ നടപടിയെടുക്കാം. മറ്റ് സ്കീമുകളെല്ലാം ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് മുനിസിപ്പാലിറ്റിയെക്കൊണ്ട് സ്ഥലം അനുവദിപ്പിച്ചാൽ പദ്ധതി ആരംഭിക്കാം. അതിനുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly